"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഇടുക്കി തൊടുപുഴ ജി എച്ച് എസ് എസ്സിൽ HSST ( ജൂനിയർ ) ആയ ശ്രീമതി സിൽഡ ലോറൻസിന്റെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Rt)No.12/2020/HEDN** തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 23.11..2018ലെ സ.ഉ.(സാധാ)നമ്പർ 2116/2018/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

2 ഹയർ സെക്കന്ററി വകുപ്പ് ഡയറക്ടറുടെ 19.10.2019 ലെ Ad.C/152813/2019/HSF നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം

3 പ്രവേശനപരീക്ഷാ കമ്മീഷണറുടെ 02.11.2019 തീയതിയിലെ ബി2/5021/2018/പ്ര.പ.ക നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം , ഇടുക്കി തൊടുപുഴ ജി എച്ച് എസ് എസ്സിൽ HSST ( ജൂനിയർ ) ആയ ശ്രീമതി സിൽഡ ലോറൻസിനെ അന്യത്ര സേവനവ്യവസ്ഥയിൽ പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവായിരുന്നു. ശ്രീമതി സിൽഡ ലോറൻസി ന്റെ നിലവിലെ അന്യത്ര സേവനകാലാവധി, 27.11.2019 ൽ അവസാനിക്കുന്നതിനാൽ ടിയാന് ഒരു വർഷത്തേക്ക് കൂടി പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയത്തിൽ അന്യത്ര സേവനവ്യവസ്ഥയിൽ തുടരുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം പ്രവേശനപരീക്ഷാ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി. ടിയാന്റെ അന്യത്രസേവന കാലാവധി 28.11.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിൽ വിസമ്മതമില്ലെന്ന് പരാമർശം (2) പ്രകാരം ഹയർ സെക്കന്ററി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സിൽഡ ലോറൻസിന്റെ അന്യത്രസേവന കാലാവധി, നിലവിലെ

ചട്ടങ്ങൾക്ക് വിധേയമായി, 28.11.2019 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി. സിൽഡ ലോറൻസ്, ഇൻഫർമേഷൻ ഓഫീസർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

ഹയർ സെക്കന്ററി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വിവര -പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ